പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4545 | 29/6/2012-ൽ മറുപടിയ്ക്ക്

ഗ്രാമീണ ഭവന നിർമ്മാണം പ്രോൽസാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.എം.എ. വാഹിദ്:<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഗ്രാമീണ ഭവന നിർമ്മാണം പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | ഗ്രാമീണ ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുവാൻ ഗ്രാമവികസന വകുപ്പിലൂടെ നടപ്പിലാക്കുന്ന ഭവന പദ്ധതിയാണ് ഇന്ദിര ആവാസ് യോജന. സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജന പ്രകാരം വീട് അനുവദിക്കേണ്ടവരുടെ ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരത്തോടു കൂടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു. ബ്ലോക്ക് പഞ്ചായത്തുകളാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ബി) ഇതിന് വേണ്ടുന്ന വായ്പ വിഹിതം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (ബി & സി) | ഇന്ദിര ആവാസ് യോജന പദ്ധതിയിൽ 100% വും സർക്കാർ ധനസഹായമാണ്. അതു കൊണ്ട് വായ്പാ വിഹിതം വർദ്ധിപ്പിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. |
| (സി) സംസ്ഥാനത്തെ അർബൻ സഹകരണ ബാങ്കുകൾക്ക് ആർ ബി. ഐ-ൽ നിന്നും അനുമതി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | | |

Forhad M.S

സെക്ഷൻ ഓഫീസർ